**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3950 — 12.12.2018 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളിന്മേലുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പല ഫയലുകളിലും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല എന്നുള്ള പരാതി പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമയബന്ധിതമായി തീർപ്പാക്കേണ്ട ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആയത് ഫയൽ അദാലത്ത് സംഘടിപ്പിച്ച് ഫയലുകളിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളിൽ സോണൽ/ ജില്ലാ തലത്തിൽ അദാലത്ത് സംഘടിപ്പിച്ച് തീർപ്പ് കൽപിച്ച് വരുന്നു. കൂടാതെ സർക്കാർ തലത്തിലും ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ഫയൽ അദാലത്തിന്റെ രണ്ടാം ഘട്ടം 2019 ജനുവരി മാസം മുതൽ നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ